# അഹമ്മദാബാദിൽ നിന്ന് പനാജിയിലേക്കുള്ള ദൂരം

**വി. എച്ച്. ദിരാർ**

കഴിഞ്ഞ ഏപ്രിൽ മാസം 4-ാം തീയ്യതി ഗുജറാത്തിലെ കലാപ ബാധിത പ്രദേശങ്ങളും അഭയാർത്ഥി കൂടാരങ്ങളും സന്ദർശിച്ച പ്രധാനമന്ത്രി വാജ്പേയി നടത്തിയ പ്രസംഗം കേട്ട വേദനകൾ മറന്ന് വാജ്പേയിക്ക് സിന്ദാബാദ് വിളിച്ചു പോയി അവിടുത്തെ ജനക്കൂട്ടം. ഏതു മുഖവുമായി താനിനി ലോകത്തെ അഭിമുഖീകരിക്കുമെന്ന് കരളലിയിക്കുന്ന ഭാഷയിൽ വിലപിക്കുകയായിരുന്നു അദ്ദേഹം. എന്നാൽ ഗുജറാത്തിൽ നിന്ന് വിദേശയാത്രക്ക് പുറപ്പെട്ട പ്രധാനമന്ത്രിയല്ല, വിദേശ യാത്രകഴിഞ്ഞ് തിരിച്ചു വന്ന പ്രധാനമന്ത്രി. തന്നിലെ കൗശലക്കാരനായ രാഷ്ട്രീയക്കാരനെ പ്രത്യക്ഷപ്പെടുത്തികൊണ്ട് ഏപ്രിൽ 12ന് ഗോവയിലെ പനാജിയിൽ സംഘടിപ്പിച്ച ബി.ജെ.പിയുടെ ദേശീയ നേതൃസമ്മേളനത്തിൽ അദ്ദേഹം വാചാലനായി. "എവിടെയെല്ലാം മുസ്ലീമുകളുണ്ടോ അവിടെയെല്ലാം മറ്റുള്ളവരുമായി സമാധാനപരമായി സഹവർത്തിക്കുന്നതിനു പകരം, അവർ പേടിയും ഭീകരതയും സൃഷ്ടിച്ച് മതം പ്രചരിപ്പിക്കുകയാണ് ചെയ്യുന്നത് " എന്നാണ് അദ്ദേഹം അവിടെ പ്രസ്താവിച്ചത്. അഹമ്മദാബാദിലെ 'ഷാ ആലം റോസാ' അഭയാർത്ഥികൂടാരത്തിൽ നിന്ന് പനാജിയിലേക്ക് ഒരാഴ്ചത്തെ സമയം മാത്രമാണ് വാജ്പേയി എടുത്തത്. അതിനിടയിൽ മിതവാദിയുടേയും സംവേദനക്ഷമതയുള്ള കവിയുടേയും മൂട്ടപടം അദ്ദേഹം ഊരിവെച്ചിരുന്നു. അതുകൊണ്ട് ഗുജറാത്തിൽ എല്ലാ അർത്ഥത്തിലും ഇരകളായി തീർന്ന ഒരു സമൂഹത്തിന്റെ മുറിവുകളിൽ എരിവു ചേർക്കാൻ അദ്ദേഹത്തിന് ഒട്ടും വൈമുഖ്യം തോന്നിയില്ല. "ദു:ഖങ്ങളും വേദനകളും പരസ്പരം പങ്കുവെച്ച് വ്യത്യസ്ത മതങ്ങളിലും സംസ്കാരങ്ങളിലും വംശീയതകളിലുമായി നൂറുകോടിയോളം ജനങ്ങൾ അധിവസിക്കുന്ന ഒരു അപൂർവ്വ ഭൂപ്രദേശമാണ് ഭാരത"മെന്ന് അദ്ദേഹം പറഞ്ഞത് ഒരാഴ്ച മുമ്പ് മാത്രമാണ്. ഇന്ത്യൻ സംസ്കാരത്തിന്റെ സഹിഷ്ണുതയിലും ആത്മീയ പാരമ്പര്യത്തിലും നാനാത്വത്തിൽ ഏകത്വം എന്ന സിദ്ധാന്തത്തിലും അഭിമാനം കൊള്ളുന്ന ഒരാൾക്ക് എങ്ങനെ ഇത്തരം ഒരു പ്രസ്താവന നടത്താൻ സാധിച്ചു? അതും രാജ്യം വളരെ സാമൂഹ്യമായ ഒരു പ്രതിസന്ധിയിലൂടെ കടന്നു പോകുമ്പോൾ ഒരു പ്രധാനമന്ത്രിക്കുണ്ടായിരിക്കേണ്ട പക്വതപോലും കാണിക്കാതെ സൂഫിസമായി ഹിന്ദുസ്ഥാനി സംഗീതമായി സാമൂഹ്യവും രാഷ്ട്രീയവുമായ സ്വരൈക്യങ്ങളുടെ അനവധി ധാരകളുമായി ഇന്ത്യൻ മണ്ണിൽ അലിഞ്ഞു ചേർന്ന ഇസ്ലാമിന്റെ ഗണ്യമായ സ്രോതസ്സുകളെ എന്തുകൊണ്ട് അദ്ദേഹം വിസ്മരിച്ചു. ഇസ്ലാം വളർന്നത് വാളു കൊണ്ടല്ല, അതിന്റെ സാഹോദര്യ സിദ്ധാന്തം കൊണ്ടാണെന്ന് പറഞ്ഞ വിവേകനാന്ദസ്വാമികളുടേയും മഹാത്മാഗാന്ധിയുടേയും വാക്കുകളെ എന്തുകൊണ്ട് അദ്ദേഹം അവഗണിച്ചു? ഉപനിഷത്തുകളിലെ മഹാവാക്യങ്ങളായ അഹം ബ്രഹ്മാസ്മി (ഞാൻ ബ്രഹ്മമാകുന്നു) തത്വമസി (അത് നീയാകുന്നു), അയമാത്മബ്രഹ്മ (ഓരോ ആത്മാവും ബ്രഹ്മമാകുന്നു) പ്രജ്ഞായ ബ്രഹ്മ (അറിവ് ബ്രഹ്മമാകുന്നു) എന്നീ സൂക്തങ്ങളിൽ ഒരെണ്ണത്തിന്റെ പോലും സ്വരം കേൾക്കാൻ ഇന്ത്യൻ സംസ്കാരത്തിൽ ഊറ്റം കൊള്ളുന്ന പ്രധാനമന്ത്രി എന്തുകൊണ്ട് തയ്യാറായില്ല? അപ്പോൾ പ്രശ്നം സംസ്കാരത്തിന്റേയോ ആത്മീയതയുടേയോ നീതിബോധത്തിന്റെയോ അല്ല. അധികാരദാഹത്തിന്റെ രാഷ്ട്രീയ താൽപ്പര്യങ്ങളുടേയും സൂത്രവാക്യങ്ങൾ മാത്രം.

ഇരട്ടനാവ് വാജ്പേയിൽ ഇപ്പോൾ കിളിർത്തതല്ല. ഇതിനുമുമ്പ് എത്രയോ സന്ദർഭങ്ങളിൽ അദ്ദേഹം അത് പ്രകടമാക്കിയിട്ടുണ്ട്. കഴിഞ്ഞ മാർച്ച് 13-ാം തിയ്യതി അയോദ്ധ്യയിൽ പ്രതീകാത്മക പൂജ നടത്താൻ വിശ്വഹിന്ദു പരിഷത്തിനെ അനുവദിക്കണമെന്ന് സുപ്രീം കോടതിയിൽ സർക്കാരിനുവേണ്ടി അറ്റോർണി ജനറൽ സോളിസൊറാബ്ജിയെകൊണ്ട് പറയിപ്പിച്ചത് ആരാണ്? അയോധ്യയിൽ കോടതി മതപരമായ അനുഷ്ഠാനങ്ങൾ വിലക്കിയപ്പോൾ മറ്റൊരിടത്ത് പൂജചെയ്ത ശില കേന്ദ്രസർക്കാർ ദൂതനെക്കൊണ്ട് പ്രതീകാത്മകമായി സ്വീകരിപ്പിച്ചത് ആരാണ്? നൂറു കോടി ജനങ്ങളുടെ പ്രധാനമന്ത്രിയെന്ന് അവകാശപ്പെടുന്ന, ദേശീയ ജനാധിപത്യ സഖ്യത്തിന്റെ അജണ്ടയിൽ ഉറച്ചു നിൽക്കുമെന്നു പറഞ്ഞ, മിതവാദിയെന്ന് സ്വയം വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന അതേ വാജ്പേയിയാണ് കഴിഞ്ഞ വർഷം അമേരിക്കയിൽ വെച്ച് സംഘടിപ്പിച്ച വിശ്വഹിന്ദു പരിഷത്തിന്റെ യോഗത്തിൽ വെച്ച് പറഞ്ഞത് : "ഞാൻ വിനീതനായ സ്വയം സേവകനാണ്". ഇരട്ട നാവുകൊണ്ട് സംസാരിക്കുകയെന്നത് ബി.ജെ.പിയുടെ രാഷ്ട്രീയ തന്ത്രമാണ്. ദേശീയ ജനാധിപത്യസഖ്യത്തിൽ വ്യക്തമായ രാഷ്ട്രീയ ലക്ഷ്യങ്ങളുള്ള ഏക പാർട്ടിയാണ് ബി.ജെ.പി. പൊതു അജണ്ടയിൽ വിടവുകൾ കണ്ടെത്തിയും പുതിയ വിടവുകൾ ഉണ്ടാക്കിയും ഹിന്ദുത്വ അജണ്ടയുമായി മുന്നേറുക എന്നത് തന്നെയാണ് ബി.ജെ.പി.യുടെ നയപരിപാടി.



ബി.ജെ.പി.യുടെ ഭാഗമെന്ന നിലയിലും എൻ.ഡി.എ. സർക്കാരിന്റെ ഭാഗമെന്ന നിലയിലും അഭിനയിക്കേണ്ടി വന്ന ഇരട്ട റോളുകളിൽ നിന്നാണ് വാജ്പേയി ഇരട്ടനാവു കൊണ്ട് സംസാരിക്കാൻ പഠിച്ചത്. സംഘപരിവാർ കുടുംബത്തിലെ എല്ലാ തലമുതിർന്ന നേതാക്കൾക്കും ഈ കാര്യത്തിൽ ഉയർന്ന ശിക്ഷണം ലഭിച്ചിട്ടുണ്ട്.

മതപരമായ വിശ്വാസങ്ങളെ അതിന്റെ പാരമ്യത്തിലെത്തിച്ചുകൊണ്ട് കാവിവൽക്കരണം പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തിൽ നിന്ന് വാജ്പേയിയോ ബി.ജെ.പിയോ ഒരിക്കലും വ്യതിചലിച്ചിട്ടില്ല. അതിനുവേണ്ടുന്ന അടവുകളിലും തന്ത്രങ്ങളിലും മാത്രമാണ് വ്യത്യാസമുള്ളത്. ഹിന്ദുവിന്റെ എല്ലാ ദു:ഖങ്ങൾക്കും കാരണം ഇസ്ലാമാണെന്ന് സ്ഥാപിക്കാൻ എല്ലാ വഴികളിലും അവർ യാത്രചെയ്യുന്നു. ഇന്നലെ അതായിരുന്നു എന്ന് സ്ഥാപിക്കാൻ അവർ ചരിത്രം മാറ്റിയെഴുതുന്നു. ഈ അവബോധം മനസ്സിലേറിയ ഒരു തലമുറയെ സൃഷ്ടിക്കാൻ അവർ അത് പാഠപുസ്തകമാക്കുന്നു. ഹിന്ദുവും മുസ്ലീമും പരസ്പര വിരുദ്ധമായ രണ്ട് സാമൂഹ്യരൂപങ്ങളാണെന്ന് വരുത്തി തീർക്കാൻ അവർ വർത്തമാനകാലത്തിലും ഇടപെടുന്നു. അതിർത്തിയിലേക്ക് സൈന്യത്തെ അയക്കുമ്പോൾ പാക്കിസ്ഥാനെതിരെ ദേശീയ വികാരം ഉണർത്തുകയെന്നതല്ല ബി.ജെ.പി.യുടെ ലക്ഷ്യം. ഇന്ത്യൻ മുസ്ലീമിനെതിരെ ഹിന്ദുവികാരത്തിന് തീ കൊടുക്കുക എന്നതാണ്. ഉത്തർ പ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാന തെരഞ്ഞെടുപ്പുകൾക്കുമുമ്പ് സൃഷ്ടിക്കപ്പെട്ട യുദ്ധാന്തരീക്ഷം തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന് ഉപയോഗിച്ച അപകടകരമായ ഒരു തന്ത്രമായിരുന്നു. ബി.ജെ.പിക്ക് കൂടുതൽ എം.പിമാരെ പ്രദാനം ചെയ്യുന്നതിൽ കാർഗിൽ യുദ്ധം വഹിച്ച പങ്ക് അവർക്ക് കൂടുതൽ പ്രതീക്ഷ നൽകി. എന്നാൽ തെരഞ്ഞെടുപ്പിൽ ഫലിച്ചില്ലെന്ന് തോന്നിയപ്പോഴാണ് കൂടുതൽ കഠിനവും നിഷ്ഠുരവുമായ മാർഗ്ഗങ്ങളിലേക്ക് സംഘപരിവാർ തിരിഞ്ഞത്. ക്ഷേത്ര നിർമ്മാണവും ഗുജറാത്ത് കലാപവും അതിന്റെ സൃഷ്ടികളാണ്. നാല് നേട്ടങ്ങളാണ് സംഘപരിവാർ ഇതുവഴി ലക്ഷ്യം വെക്കുന്നത്. സ്വദേശിയെ പ്രസംഗിച്ച് അധികാരത്തിൽ വന്ന ബി.ജെ.പിയെന്ന സ്വദേശം.... സത്യത്തിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടുക. ആയുധം, ശവപ്പെട്ടി തുടങ്ങിയവയുടെ കച്ചവടത്തിൽ നടന്ന വലിയ അഴിമതികൾ ചർച്ചചെയ്യാൻ പോലും അവസരമില്ലാതാക്കുക. ജാതിയുടെ പേരിൽ അടിച്ചമർത്തപ്പെട്ടവരുടെ ദളിത് സംഘാടനം ഹിന്ദുവികാരം കൊണ്ട് ബാഷ്പീകരിച്ചു കളയും. നാലാമതായി അധികാരം നിലനിർത്തുക എന്നതും എന്നാൽ ഹിന്ദുത്വ അജണ്ടകൾക്ക് ഒരിക്കലും ഇന്ത്യയുടെ ചരിത്രപരമായ വെല്ലുവിളികളെ അതിജീവിക്കാനാവില്ല. വ്യത്യാസങ്ങളെ വൈവിധ്യങ്ങളായി കാണുന്ന ഇന്ത്യൻ മനസ്സിലേക്ക് വ്യത്യാസങ്ങൾ വൈരുദ്ധ്യങ്ങളാണെന്ന സംഘപരിവാർ സുവിശേഷം അത്രപെട്ടെന്ന് ഏൽക്കുകയോ ഏറ്റാൽ തന്നെ കൂടുതൽ കാലം നിലനിൽക്കുകയോ ചെയ്യില്ലെന്ന സത്യം സംഘപരിവാറിന്റെ ഏകശിലാമയമായ സാംസ്കാരിക നിർമ്മാണം നേരിടുന്ന ഒന്നാമത്തെ വെല്ലുവിളിയാണ്. മതേതരത്വമെന്നത് ഹിന്ദു സമൂഹത്തെ സംബന്ധിച്ചിടത്തോളം ഒരു ആശയമോ, നിയമനിർമ്മാണമോ അല്ല, ചരിത്രപരമായ അനുഭവവും പാരമ്പര്യവുമാണ്. ജാതി വിവേചനത്തിന്റെ സാമൂഹ്യഘടനയിൽ ഹിന്ദു എന്നാൽ ഒരു സവർണ്ണജാതിക്കാരൻ എന്ന അർത്ഥം മാത്രമേ ഇന്നും വരുന്നുള്ളൂ. നിശ്ശബ്ദമായ ദളിത് ഭൂരിപക്ഷം രാഷ്ട്രീയ വൽക്കരണത്തിന് വിധേയമാകുന്നതോടെ ഹിന്ദുത്വ അജണ്ടക്ക് നിൽക്കാനുള്ള ഇടങ്ങൾ വളരെ ചെറുതായി പോകും. വാസ്തവത്തിൽ സംഘപരിവാർ ഇത്തരം ഒരു ഭീഷണി നേരിടുകയാണ്. ഇപ്പോൾതന്നെ നാലരസംസ്ഥാനങ്ങളിൽ മാത്രമായി അത് ചുരുങ്ങി കഴിഞ്ഞു. അതുകൊണ്ട് അസ്തമിക്കാൻ പോകുന്ന ഒരു ഇരുണ്ട പ്രത്യയശാസ്ത്രത്തിന്റെ ആളിക്കത്തൽ ആണ് അയോദ്ധ്യയിലും ഗുജറാത്തിലും ഈയിടെ നടന്നത്. കൂടുതൽ രക്തരൂക്ഷിതമായ സംഭവങ്ങൾ ഇനിയും ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽ ആസൂത്രണം ചെയ്യാനുള്ള സാധ്യത തള്ളിക്കളയാനാവുംവിധം ന്യൂനപക്ഷ സമൂഹങ്ങളിലെ തീവ്രവാദസംഘങ്ങൾ സംഘപരിവാർ മോഹങ്ങൾക്ക് കൂടുതൽ കളമൊരുക്കുമോ എന്ന ഭീഷണിയും നിലവിലുണ്ട്.